മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ സപ്ലഡെണ്ടു് സാധിനം മലയാളം അറിയാൻ പാടില്ലെന്നു് പറയുവാൻ കഴിയുമോ?

റാവു സാഹിബു് സി. ജെ. മാത്യു: മലയാളം അറിയാൻ പാടില്ലെന്നാണു് എന്റെ അറിവു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ രോഗികൾക്കു അവരുടെ പരാതികൾ ഗവമ്മെണ്ടിനെ അറിയിക്കുവാൻ വല്ല കഴിവുമുണ്ടോ?

റാവു സാഹിബു് സി. ജെ. മാത്യു: അവക്കു എഴുതി അറിയിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവർ അങ്ങിനെ എഴുതിഅറിയിക്കുന്നതിനു് ശ്രമിച്ചാൽ ആശുപത്രിയിലെ അധികാരികൾ അതു തുറന്നു നോക്കുകയില്ലെ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവക്കു മേലധികാരികൾ കാണാത്തതരത്തിൽ അവരുടെ ആക്ഷേപങ്ങൾ അറിയിക്കുന്നതിനു് വേറെ വല്ല വഴിയുമുണ്ടോ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ല.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: സിക്രട്ടറിക്കും ദിവാൻജിക്കും മറ്റും അഡ്രസ്സുചെയ്തിട്ടുള്ള കവറുകൾ കാണുമ്പോൾ അധികാരികൾ തുറന്നു നോക്കുകയില്ലേ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ലെന്നാണു് പറയുന്നതു്.

മിസ്റ്റർ ജോസു് കെ. വട്ടിസ്സു്: അവിടെ ഒരു Complaint book വെയ്ക്കരുതെ?

റാവു സാഹിബു് സി. ജെ. മാത്യു: അങ്ങിനെ ഒരു ബുക്കു ഉണ്ടായിരുന്നുവെന്നാണറിയുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഓണററി വിസിറേഴ്സു അവിടെ ചെന്നാൽ അവക്കു ആപ്പീസ്സിൽ മാത്രമല്ലെപോകാൻ സാധിക്കുകയുള്ളു?

റാവുസാഹിബു് സി. ജെ. മാത്യു: അല്ല. ആശുപത്രിയിൽ എല്ലാസ്ഥലത്തും അവക്കു പോകുന്നതിനു് സ്വാതന്ത്ര്യമുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അവർ വല്ല ആക്ഷേപവും അറിയിച്ചിട്ടുണ്ടോ?

റാവു സാഹിബു് സി. ജെ. മാത്യു: ഇല്ല.

ചൌധരി ജി. എസ്സു്. ധാരാസിംഗു്: ഇതിന്റെ വാസ്തവസ്ഥിതികളെകുറിച്ചുനോക്കുവാൻ ഈ കൌൺസിലിൽനിന്നു് ഒരു കമ്മിറ്റിയെ അയയ്ക്കരുതേ?

റാവു സാഹിബു് സി. ജെ. മാത്യു: അതിനു ഞങ്ങൾ അയക്കണമെന്നില്ല. ഈ കൌൺസിലിലെ ഏതു മെമ്പർക്കും പോയി അന്വേഷിക്കാവുന്നതാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ ഓണററി വിസിറർമാരുടെ കൂട്ടത്തിൽ ഈ കൌൺസിലിലെ ഏതെങ്കിലും മെമ്പർമാരുണ്ടോ?

റാവുസാഹിബു് സി. ജെ. മാത്യു: ഉണ്ടു്.

Mr. C. R. Iyyunni *(Nellayi)*: You are simply begging the question.

മിസ്റ്റർ കെ. ടി. അച്യുതൻ: ഞാൻ ഒരു വിസിറർ ആണു്. എന്റെ അടുക്കൽ ആരും പരാതി പറഞ്ഞിട്ടില്ല.

LEPER HOSPITAL, ADOOR

249. മിസ്റ്റർ കെ. എസ്സു്. പണിക്കർ:—താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവമ്മെണ്ടു് സഭയം മറുപടി പറയുമോ.—

(എ) അഡൂർ കുഷ്ഠരോഗാസ്പത്രിയിൽ ഇപ്പോൾ ആകെ എത്ര രോഗികൾ ഉണ്ടു്; അവരിൽ പുരുഷന്മാർ എത്ര, സ്ത്രീകൾ എത്ര;

(ബി) അവരിൽ എത്രപേക്കാണു് ഗവമ്മെണ്ടിൽനിന്നു് ഭക്ഷണം മുതലായവയ്ക്കു ചിലവു കൊടുക്കുന്നതു്;

(സി) രോഗികളുടേയൊ അവരുടെ വീട്ടുകാരുടേയൊ ബന്ധുക്കളുടേയൊ ചിലവിന്മേൽ അവിടെ ചികിത്സക്കു വന്നുചേർന്നിട്ടുള്ള രോഗികൾ ഇപ്പോൾ ആകെ എത്രയുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് സി. ജെ. മാത്യു:

(എ) 2 ഒ — പുരുഷന്മാർ 2 ഇ ര, സ്ത്രീകളും കുറവു.

(ബി) 2 ഒ.

(സി) ആരും ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സ്വന്തം ചിലവിൽ ചികിത്സിക്കുവാൻ വന്നിട്ടുള്ള ആളുകളും ആരും ഇല്ലെ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഇല്ലെന്നാണ് റിപ്പോർട്ട് കിട്ടീട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരുടെ റിപ്പോർട്ടുകൂടാതെ ഓണറേറിവിസിറേഴ്സിന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലെ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: ഗവമ്മേണ്ടിൽനിന്നു് കൊടുക്കുന്ന സംഖ്യ രോഗികളുടെ ആവശ്യത്തിനു മതിയാകുന്നില്ലെന്നു് റിപ്പോർട്ട് ചെയ്തിട്ടില്ലെ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: ഉവ്വു്.

മിസ്റ്റർ കെ. ടി. അച്യുതൻ: Total amount എത്ര വേണ്ടിവരും?

Rao Sahib C. J. Mathew *(Secretary to Government)*: I want notice. I am not sure of the amount.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവിടെയുള്ള രോഗികളിൽ സ്ത്രീകളും പുരുഷന്മാരും തമ്മിൽ മിശ്രിതം ചെയ്യാതെയിരിക്കാൻ വല്ല ഏർപ്പാടുമുണ്ടൊ?

റാവു സാഹിബ്ബ് സി. ജെ. മാത്യു: അവരെ പ്രത്യേകം മതിൽകെട്ടി വേർതിരിച്ചാണ് താമസിപ്പിച്ചിരിക്കുന്നതു്.

മിസ്റ്റർ കെ. എച്ച്. മുഹമ്മദ്: ഈ രോഗികൾക്കു പ്രാർത്ഥനയ്ക്കുള്ള വല്ല സൌകര്യവുമുണ്ടൊ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഉവ്വു്. ക്രസ്ത്യാനികൾക്കും മുസ്ലീമിങ്ങൾക്കും മറ്റും പ്രത്യേകം പ്രത്യേകം സൌകര്യമുണ്ടു്.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: മേൽസ് വാർഡും ഫീമേൽസ് വാർഡും പ്രത്യേകം പ്രത്യേകം ഉണ്ടൊ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഉണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: കുഷ്ഠരോഗികൾ അലഞ്ഞു നടക്കാതെയിരിക്കാൻ വല്ല വഴിയുമുണ്ടൊ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അവർ അലഞ്ഞു നടക്കുന്നപക്ഷം അവരെ വെഗ്രൻസി നിയമപ്രകാരം പിടിച്ചുകൊണ്ടു പൊയ്ക്കൊള്ളാം.

മിസ്റ്റർ പി. കെ. ഡീവർ: അവരെക്കൊണ്ടുപോയി മറ്റു ആളുകളുടെ കൂടെയാണൊ താമസിപ്പിക്കുന്നതു്?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അല്ല. അവരെ ആശുപത്രിയിൽ കൊണ്ടുപോയി ഏല്പിക്കും.

മിസ്റ്റർ പി. കെ. ഡീവർ: കുഷ്ഠരോഗികൾ റോഡുകളിൽ അലഞ്ഞുനടന്നാൽ അവരെ പിടിച്ചുകൊണ്ടുപോകാൻ നിയമമുണ്ടൊ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഉണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: എന്നാൽപിന്നെ അവർ ഇങ്ങിനെ അലഞ്ഞു നടന്നുകൊള്ളട്ടെ എന്നുവെച്ചാണൊ ഇഴവഴികളിൽ രോഗികളെ അലഞ്ഞു തിരിയാൻ സമ്മതിക്കുന്നതു്?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അല്ല. അങ്ങിനെ എല്ലാപേരേയും പിടിച്ചുകൊണ്ടുപോയാൽ അവക്കൊക്കെ അക്കൊമ്മഡേഷൻ കൊടുക്കാൻ ഇപ്പോൾ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: അവക്കൊക്കെ അക്കൊമ്മഡേഷൻ കൊടുക്കേണ്ടതല്ലേ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അതെ. പക്ഷെ അതിനു വളരെ വലിയസംഖ്യ ചിലവു വരും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: അവർ ഇങ്ങിനെ വഴിനിളെ അലഞ്ഞുതിരിഞ്ഞു നടക്കുന്നതുകൊണ്ട് ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും, കഷ്ടതകളും, ദോഷവും, ഗവ മ്മെണ്ടിന്നു അതു തടയുന്നതിന്നു ചിലവാക്കേണ്ടിവരുന്ന സംഖ്യയുംകൂടി നോക്കുമ്പോൾ ഏതാണു് സ്വീകരിക്കാൻ നല്ലതു് ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: It is a matter of opinion. അവർ അങ്ങിനെ അലഞ്ഞു നടക്കാതെയിരിക്കുവാൻ വേണ്ടതു ചെയ്യുന്നതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അന്നു ഈ നൂറു രോഗികളും ഇറങ്ങിപോന്നൊ?

Rao Sahib C. J. Mathew *(Secretary to Government)*: About hundred, I think, came away.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഈ രോഗികളുടെ സെൻസസ്സ് എടുത്തിട്ടുണ്ടോ ?

Rao Sahib C. J. Mathew *(Secretary to Government)*: Yes. Census has been taken.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: എത്ര ഉണ്ടു് ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: നോട്ടീസ്സു വേണം.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ രോഗികൾക്കു എന്തൊ ആക്ഷേപമുണ്ടെന്നു പറഞ്ഞല്ലൊ. ആ ആക്ഷേപത്തെക്കുറിച്ചു അവരെക്കണ്ടു ചോദിച്ചിട്ടുണ്ടോ ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അതിനെക്കുറിച്ചു് ചീഫ്മെഡിക്കൽ ആഫ്പീസ്സർ പോയി അന്വേഷിച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: അവർ എന്തുകൊണ്ടാണു് ആശുപത്രിയിൽനിന്നുപോന്നു എറണാകുളത്തുവന്നു അലഞ്ഞുതിരിഞ്ഞു നടന്നതു് ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: നോട്ടീസ്സു വേണം.

മിസ്സിസ് ടി. ഫ്രാൻസിസ്സ്: അവർ അങ്ങിനെ പുറത്തുപോന്നതു് എന്നാണു് ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഏപ്രിൽ അവസാനമൊ മേയ് ആദ്യമൊ ആണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ രോഗികളിൽ സുഖക്കേടു മാറിയ ആളുകൾ ഉണ്ടൊ ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഉണ്ടായിരിക്കണം.

മിസ്റ്റർ കെ. എസ്സ് പണിക്കർ: ഈ രോഗികൾക്കു നല്ല മരുന്നു കുത്തിവെക്കുന്നില്ലെന്നും കുത്തിവെക്കുന്നതു ശരിയാകുന്നില്ലെന്നും ആണൊ അവരുടെ ആക്ഷേപം?

റാവുസാഹിബ്ബ് സി. ജെ. മാത്യു: എന്നൊക്കെതന്നെയാണു് അവരുടെ ആക്ഷേപം

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരുടെ ആക്ഷേപത്തെക്കുറിച്ചു് അവരോടു് അന്വേഷിച്ചുവൊ ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ചീഫ്മെഡിക്കൽ ആഫ്പീസ്സർ പോയി അന്വേഷിച്ചു. അപ്പോൾ അതിൽ യാതൊരു പരമാർത്ഥവും ഇല്ലെന്നു തെളിഞ്ഞു.

മിസ്റ്റർ പി. കെ. ഡീവർ: ഈ ചീഫ്മെഡിക്കലാഫ്പീസ്സർ അവിടെയുള്ളപ്പോൾ അല്ലെ ഈ രോഗികൾ അവിടെനിന്നു ഇറങ്ങിപോന്നതു് ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അറിഞ്ഞുകൂടാ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ സംഭവത്തിൽ ചീഫ്മെഡിക്കലാഫ്പീസ്സരുമുൾപ്പെട്ടിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ അന്വേഷണറിപ്പോർട്ടു് ശരിയായിരിക്കുമൊ ? അദ്ദേഹം പറയുന്നതു് വിശ്വസിക്കാമൊ ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: അദ്ദേഹം അതിൽ പെട്ടിട്ടില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ചീഫ്മെഡിക്കലാഫ്പീസ്സുക്കു ഈ സംഭവവുമായി യാതൊരു ബന്ധവുമില്ലെ ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: ഇല്ല. ഈ സംഭവം അറിഞ്ഞതിന്നുശേഷമാണു് അദ്ദേഹം അവിടെ പോയതു്. അതിൽപിന്നെ ഞാൻ അദ്ദേഹത്തെ കണ്ടുചോദിച്ചു. രോഗികൾ പറഞ്ഞതിൽ യാതൊരു പരമാർത്ഥവുമില്ലെന്നാണു് അദ്ദേഹം പറഞ്ഞതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അദ്ദേഹം രോഗികളുടെ അടുക്കൽനിന്നു ഈ സ്റ്റേറ്റുമെന്റു് എടുത്തതു് എന്നാണു് ?

റാവുസാഹിബ്ബ് സി. ജെ. മാത്യു: പത്തൊ പതിനൊന്നൊ ദിവസമെ ആയിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ സംഭവം നടന്നതു് ഏപ്രിൽ അവസാനമൊ മേയ് ആദ്യത്തിലൊ ആണെന്നു പറഞ്ഞു. അതുകഴിഞ്ഞു ഇതിനെക്കുറിച്ചു അന്വേഷിക്കാൻ ഇത്ര അധികം താമസം നേരിട്ടതെന്താണു് ?

Rao Sahib C. J. Mathew *(Secretary to Government):* .....The interim report did not contain all the details that we wanted. So the Minister ordered that he should go there once again and examine all the patients as far as possible, make a detailed enquiry, get at the truth and submit a report. That report we are awaiting.

Mr. C. R. Iyyunni *(Nellayi):* Will the Government please see that the report is expedited ?

Rao Sahib C. J. Mathew *(Secretary to Government):* Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ രോഗികൾ അവിടെനിന്നു ഇറങ്ങിപോന്നുവെന്നു അറിഞ്ഞിട്ടു മന്ത്രി അവിടെ പോയി അന്വേഷിച്ചുവോ ?

റാവുസാഹിബ് സി. ജെ. മാത്യു: മന്ത്രി പോയിട്ടില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: ഈ രോഗികൾ അവിടെനിന്നു പുറത്തുപോന്നപ്പോൾ ചീഫ് മെഡിക്കൽ ആഫീസ്സർ അവിടെ ഉണ്ടായിരുന്നുവെന്നറിയാമോ ?

റാവുസാഹിബ് സി. ജെ. മാത്യു: അറിഞ്ഞുകൂടാ.

മിസ്റ്റർ പി. ടി. ജേക്കബ്: അദ്ദേഹത്തിന്റെ സക്കീട്ടുപരിപാടിയെ കുറിക്കുന്ന ഡയറി നോക്കിയാൽ അറിഞ്ഞുകൂടെ?

റാവുസാഹിബ് സി. ജെ. മാത്യു: അന്വേഷിക്കാം.

മിസ്റ്റർ പി. കെ. ഡിവർ: അദ്ദേഹം പറഞ്ഞിട്ടാണ് അവരെ അവിടെനിന്നിറക്കിവിട്ടതെന്നറിയാമോ ?

റാവുസാഹിബ് സി. ജെ. മാത്യു: ഇല്ല.

മിസ്റ്റർ പി. ടി. ജേക്കബ്: അവിടെനിന്നു വന്ന എല്ലാ രോഗികളും പറഞ്ഞതു ചീഫ് മെഡിക്കൽ ആഫീസ്സർ പറഞ്ഞിട്ടാണ് അവരെ അവിടെനിന്നറക്കിവിട്ടതെന്നാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കുഷ്ഠരോഗാശുപത്രിയിൽ ഡോക്ടരുണ്ടോ ?

റാവുസാഹിബ് സി. ജെ. മാത്യു: ഉണ്ട്. രണ്ടുമൂന്നുപേരുണ്ട്. സാൽവേഷൻ ആർമി ഡോക്ടർമാരാണ്; സ്റ്റേറ്റ് ഡാക്ടർ ഇല്ല.

DUMPING GROUND—CHALAKKUDI

250. Mr. C. S. Paniker *(Adoor):* Will Government be pleased to state.—

(*a*) have the Government received repeated representations from the inhabitants of Chalakkudi for changing the location of the dumping ground;

(*b*) if so, what action has Government taken to remedy their grievances?

Rao Sahib C. J. Mathew *(Secretary to Government):*

(*a*) Government have received one petition.

(*b*) There is a proposal to construct a compound wall round the dumping ground. When it is constructed, there will be no trouble to the public. Even now there is not much nuisance. It is not necessary to shift the dumping ground from the present site.

Mr. C. S. Paniker *(Adoor):* May I know when the wall can be expected to be constructed?

Rao Sahib C. J. Mathew *(Secretary to Government):* In 1122.

DUMPING GROUND—KALOOR

251. Mrs. T. Francis *(Women-Ernakulam):* Will Government be pleased to state.—

(*a*) whether they have any permanent scheme for the removal of the unhealthy condition created by the location of the dumping ground at Kaloor;

(*b*) if the answer is in the negative, what action do they propose to take for the immediate removal of the dumping ground from such a thickly populated area?

Rao Sahib C. J. Mathew *(Secretary to Government):*

(*a*) Yes, The question of disposal of night soil is being considered as a part of the Drainage scheme taken up by Government as a post-war measure.

LIBRARY ARCHIVES Kerala Legislative Assembly